# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:244** **18.06.2019-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.വി. ജോയി<br>ശ്രീ.എം. നൗഷാദ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരമൈത്രി പദ്ധതി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | എ) വിലയിരുത്തിയിട്ടുണ്ട്. തീരമൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട് CMFRI, Kochi നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ( Performance Appraisal of Theeramythri Initiatives in Kerala: Benefit Monitoring Assessment and Visioning for the Future -2016) തീരമൈത്രി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി വനിതകളെ സാമ്പത്തികമായും, സാമൂഹികമായും, രാഷ്ട്രീയമായും, ശാക്തീകരിക്കുന്നതിനും നിയമ അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക നിലവാരം 30.70 ശതമാനം ഉയർത്തുന്നതിനും മത്സ്യത്തൊഴിലാളി വനിതകളുടെ സമഗ്ര ഉന്നമനം ഉറപ്പാക്കുന്നതിനും തീരമൈത്രി പദ്ധതിയ്ക്ക് സാധിച്ചിട്ടുണ്ടെന്ന് പഠനം തെളിയിക്കുന്നു. |
| ബി) അഭ്യസ്തവിദ്യരായ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ പ്രാവീണ്യം നേടുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടു പാസ്സായവരും 20 നും 35 നും ഇടയിൽ പ്രായമുള്ളവരുമായ യുവതികൾക്കായി തൊഴിൽ പ്രാവീണ്യം നേടുന്നതിന് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കി വരുന്നു. |

സി) സംരംഭങ്ങൾക്ക് വേണ്ട മൂലധനത്തിനും സാങ്കേതികവിദ്യകളുടെ ഉപയോഗത്തിനും വിജയപ്രദമായ വിപണനത്തിനും സാഫ് വഴി സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; മത്സ്യാധിഷ്ഠിതമായ മൂല്യവർദ്ധിതോല്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് ഗ്രൂപ്പായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചെലവിന്റെ 80% തുകവരെ ഗ്രാന്റായി അനുവദിക്കുന്നു. ഒരു യൂണിറ്റിന് പരമാവധി 3 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും. നിലവിലുള്ള ഗ്രൂപ്പുകൾക്ക് പ്രവർത്തനം വിപുലീകരിക്കുവാൻ ചാക്രിക മൂലധനം (working capital revolving fund) അനുവദിക്കുന്നു. ഇതിന് പുറമേ പ്രവർത്തന വിപുലീകരണത്തിനായി ബാങ്ക് വായ്പയെ ആശ്രയിക്കുന്ന പക്ഷം പലിശ സബ്സിഡിയായി തുക ബാങ്കിലേക്കും അനുവദിക്കുന്നു.

സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാങ്കേതികവിദ്യ ഉപയുക്തമാക്കുന്നതിനും കഴിയുമാറ് Skill Training, Managerial Training, Motivational Training, Technology Upgradation Training എന്നിവ നൽകി സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചു വരുന്നു.

തീരമൈത്രി ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താൻ ഗ്രൂപ്പുകൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും വിവിധ മേളകളിൽ പങ്കെടുക്കാൻ അവസരം നൽകുകയും മേളകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു

തീരമൈത്രി സംഘങ്ങളുടെ ഉൽപ്പന്നങ്ങളെ ഒരു ബ്രാൻഡിന്റെ കീഴിൽ കൊണ്ടു വന്ന് വിപണനം സാദ്ധ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. SAF Dry Fish APPEX Federation വഴി വിവിധ ജില്ലകളിലെ സൂപ്പർമാർക്കറ്റുകളിലേയ്ക്ക് ഉണക്ക മത്സ്യങ്ങൾ തീരമൈത്രി എന്ന പേരിൽ വിപണനം ചെയ്തു വരുന്നു.

**സെക്ഷൻ ആഫീസർ**